പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3195 | 24-02-2016-ൽ മറുപടിയ്ക്ക്

## കാരുണ്യാ ചികിത്സാ പദ്ധതി പ്രകാരം അനുവദിച്ച തുക കിട്ടാത്തതു സംബന്ധിച്ച്

| | ചോദ്യം<br><br>ശ്രീ. മോൻസ് ജോസഫ് | | മറുപടി<br><br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യാ ചികിത്സാ പദ്ധതി പ്രകാരം അപേക്ഷ നൽകിയിരുന്ന ശ്രീ.ടോം ജോർജ്, കോലത്തുംകുന്നേൽ, പൊന്നൂർകര, തൃശ്ശൂർ എന്ന വ്യക്തിയ്ക്ക് കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക അനുവദിക്കുന്നതിനുണ്ടായ കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ; ഈ തുക എന്നേയ്ക്ക് വിതരണം ചെയ്യും എന്നറിയിക്കാമോ: പ്രസ്തുത രോഗി മരണമടഞ്ഞതിനെത്തുടർന്ന് പ്രസ്തുത തുക ഇനി ലഭിക്കുമോ; വിശദമാക്കുമോ? | (എ) | കീമോതെറാപ്പി ചികിത്സയ്ക്ക് ആർ.സി.സി./കെ.എം.എസ്.സി.എൽ. റേറ്റ് അനുസരിച്ച് നൽകുന്ന പരമാവധി ധനസഹായമായ 2 ലക്ഷം രൂപയിൽ നിന്നും ശ്രീ. ടോം ജോർജിന് സമാശ്വാസ ചികിത്സാ ധനസഹായമായി അനുവദിച്ചിരുന്ന 5000/- രൂപ കഴിച്ച് ബാക്കിവരുന്ന 1,95,000/- (ഒരു ലക്ഷത്തി തൊണ്ണൂറ്റിയയ്യായിരം) രൂപയിൽ നിജപ്പെടുത്തി അനുവദിക്കാൻ തീരുമാനമെടുത്തിരുന്നു.<br>എന്നാൽ തുക അനുവദിക്കുന്നത് സംബന്ധിച്ച് ആവശ്യപ്പെട്ടിരുന്ന ചികിത്സാ രേഖകളും, ഡോക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ബില്ലുകളും രോഗിയോട് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നത് പൂർണ്ണമായി ലഭിച്ചിരുന്നില്ല. ടി രേഖകൾ പൂർണ്ണമായി ഹാജരാക്കുന്ന മുറയ്ക്ക് പരിശോധിച്ച് അർഹമായ തുക അനുവദിക്കുന്നതാണ്. രോഗി മരണമടഞ്ഞെങ്കിലും ഡെത്ത് സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.